ശാസ്ത്ര പോഷിണി സ്കീം

60 (6207) ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന ശാസ്ത്ര-സാങ്കേതിക പരിസ്ഥിതി കൗൺസിൽ നടപ്പാക്കുന്ന ശാസ്ത്രപോഷിണി പദ്ധതി ഏതെല്ലാം വിദ്യാലയങ്ങളിൽ ആണ് നടപ്പാക്കിയത് ; വിദ്യാലയങ്ങളുടെ പേര്, ജില്ല എന്നിവ വിശദമാക്കുമോ ;

(ബി) സെലക്ടീവ് ഓഗ്മെന്റേഷൻ ഓഫ് റിസർച്ച് & ഡെവലപ്മെന്റ് പദ്ധതിപ്രകാരം 2011-12, 2012-13, 2013-14 വർഷങ്ങളിൽ വിദ്യാലയങ്ങളിൽ നടപ്പാക്കിയ പദ്ധതികൾ എന്തെല്ലാം ; വർഷം, ജില്ല, വിദ്യാലയം തിരിച്ച് വ്യക്തമാക്കുമോ ;

(സി) പ്രസ്തുത രണ്ട് പദ്ധതികളിലും കൊയിലാണ്ടി നിയോജകമണ്ഡലത്തിലെ ഒരു വിദ്യാലയവും പരിഗണിക്കപ്പെട്ടില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ഈ വർഷം കൊയിലാണ്ടി മണ്ഡലത്തിലെ വിദ്യാലയങ്ങളെ പ്രസ്തുത പദ്ധതികളിലേക്ക് പരിഗണിക്കാൻ നടപടി സ്വീകരിക്കുമോ ;

(ഡി) 2014-15 വർഷത്തിൽ പ്രസ്തുത പദ്ധതികൾപ്രകാരം കോഴിക്കോട് ജില്ലയിൽ എന്തെല്ലാം കാര്യങ്ങളാണ് നടപ്പാക്കാൻ ഉദ്ദേശിക്കുന്നത് ; ഇതിനായി പരിഗണിക്കപ്പെട്ട സ്ഥാപനങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) 2011-12, 2012-13, 2013-14 വർഷങ്ങളിൽ കേരളത്തിലെ 47 ഹൈസ്കൂളുകളിൽ ശാസ്ത്ര പോഷിണി പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. വിശദമായ പട്ടിക അനുബന്ധം - I ആയി ചേർക്കുന്നു.*

(ബി) സെലക്ടീവ് ഓഗ്മെന്റേഷൻ ഓഫ് റിസർച്ച് ആന്റ് ഡെവലപ്മെന്റ് പദ്ധതി പ്രകാരം 2011-12, 2012-13, 2013-14 വർഷം വരെ നടപ്പിലാക്കിയ പദ്ധതികളുടെ വിശദവിവരങ്ങൾ അനുബന്ധം - II ആയി ചേർക്കുന്നു.*

(സി) 2011-12, 2012-13, 2013-14 വർഷങ്ങളിൽ ശാസ്ത്രപോഷിണി പദ്ധതിയിൽ കൊയിലാണ്ടി നിയോജകമണ്ഡലത്തിലെ ഒരു വിദ്യാലയവും തെരഞ്ഞെടുക്കപ്പെട്ടിട്ടില്ല. ഈ വർഷം കൊയിലാണ്ടി മണ്ഡലത്തിലെ വിദ്യാലയങ്ങളിൽനിന്ന് പ്രസ്തുത പദ്ധതിക്കുവേണ്ടി അപേക്ഷ ലഭിച്ചാൽ തീർച്ചയായും കേരള ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിലിന്റെ നിബന്ധനകൾ പ്രകാരം പരിഗണിക്കുന്നതാണ്. സെലക്ടീവ് ഓഗ്മെന്റേഷൻ ഓഫ് റിസർച്ച് ആന്റ് ഡെവലപ്മെന്റ് പദ്ധതി നിയോജകമണ്ഡലങ്ങളുടെ അടിസ്ഥാനത്തിലല്ല അംഗീകാരം നൽകുന്നത്. മറിച്ച് ആവശ്യപ്പെട്ടിരിക്കുന്ന മാനദണ്ഡങ്ങൾ അനുസരിച്ച് തയ്യാറാക്കിത്തരുന്ന പ്രോജക്ടുകൾ വിദഗ്ദ്ധർ പരിശോധിക്കുകയും അതിന്റെ അടിസ്ഥാനത്തിൽ ഓരോ പ്രോജക്ടും വിദഗ്ദ്ധ കമ്മിറ്റി മുമ്പാകെ ഇൻവെസ്റ്റിഗേറ്റർ അവതരിപ്പിക്കുകയും ചെയ്യുന്നു. കമ്മിറ്റിയുടെ വിലയിരുത്തലിന് ശേഷമാണ് ഓരോ പ്രോജക്ടിനും അംഗീകാരം നൽകുന്നത്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) 2014-15 വർഷത്തിലേക്ക് കോഴിക്കോട് ജില്ലയിൽ നിന്നും ഒരു പദ്ധതിയുടെയും അപേക്ഷ ലഭിച്ചിട്ടില്ല. കൂടുതൽ അപേക്ഷകൾ ലഭിക്കുന്ന മുറയ്ക്ക് ഒരു വിദഗ്ദ്ധ സമിതിയെക്കൊണ്ട് ഈ സ്കൂളുകളുടെ അടിസ്ഥാന സൗകര്യങ്ങൾ പരിശോധിപ്പിക്കുകയും സമിതിയുടെ റിപ്പോർട്ടിന്മേൽ കേരള ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിലിന്റെ നിബന്ധനകൾ പ്രകാരം തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

പി. & എ.ആർ.ഡി. വർക്ക് സ്റ്റഡി വിഭാഗത്തിന്റെ റിപ്പോർട്ടുകൾ

61 (6208) ശ്രീ. വി. ശിവൻകുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) പി. & എ.ആർ.ഡി. വർക്ക് സ്റ്റഡി വിഭാഗത്തിൽ നിലവിൽ എത്ര ജീവനക്കാർ ഏതൊക്കെ തസ്തികകളിൽ ജോലി ചെയ്യുന്നുണ്ടെന്ന് വ്യക്തമാക്കുമോ ;

(ബി) ഈ സർക്കാർ അധികാരമേറ്റതിനുശേഷം പ്രസ്തുത വിഭാഗം എത്ര വകുപ്പുകളിൽ വർക്ക് സ്റ്റഡി നടത്തി റിപ്പോർട്ട് നൽകിയിട്ടുണ്ടെന്നും അത് ഏതെല്ലാം വകുപ്പുകളാണെന്നും വിശദമാക്കുമോ ;

(സി) പ്രസ്തുത റിപ്പോർട്ടുകളിന്മേൽ എന്തൊക്കെ നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) പി. & എ.ആർ.ഡി.യുടെ വർക്ക്സ്റ്റഡി വിഭാഗത്തിൽ നിലവിൽ 2 അണ്ടർസെക്രട്ടറി 10 സെക്ഷൻ ഓഫീസർ, 20 അസിസ്റ്റന്റ് 3 കമ്പ്യൂട്ടർ അസിസ്റ്റന്റ് 5 ഓഫീസ് അറ്റൻഡന്റ് എന്നിങ്ങനെ 40 പേർ ജോലി ചെയ്യുന്നു. കൂടാതെ വർക്ക്സ്റ്റഡി വിഭാഗത്തിന്റെ മേൽനോട്ടത്തിനായി ഒരു ജോയിന്റ് സെക്രട്ടറി 2 അഡീഷണൽ സെക്രട്ടറി എന്നിവർ കൂടിയുണ്ട്. ഇവർ പി. & എ.ആർ.ഡി.-യിലെ മറ്റ് സെക്ഷനുകളിലെ ചുമതലകൾക്ക് പുറമേയാണ് വർക്ക്സ്റ്റഡി വിഭാഗത്തിന്റെ മേൽനോട്ടവും വഹിക്കുന്നത്.

(ബി) ഈ സർക്കാർ അധികാരത്തിൽവന്നതിനുശേഷം താഴെപ്പറയുന്ന 10 വകുപ്പുകളിൽ പ്രവൃത്തിപഠനം നടത്തി റിപ്പോർട്ട് നൽകിയിട്ടുണ്ട് :

1. വൊക്കേഷണൽ ഹയർ സെക്കന്ററി വകുപ്പ്
2. സഹകരണ ആർബിട്രേഷൻ കോടതി
3. ഭൂഗർഭജല വകുപ്പ്
4. ഡ്രഗ്സ് കൺട്രോൾ വകുപ്പ്
5. അഡ്വക്കേറ്റ് ജനറൽ ഓഫീസ്
6. സർവ്വേ ആന്റ് ലാന്റ് റിക്കോർഡ്സ് വകുപ്പ്

LIBRARY ARCHIVES Kerala Legislative Assembly